# ചൂട്ടുമാലി
# എൽ.പി ജി
# സ്കൂൾ




## അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-2026

**സ്ഥാപിതം -1903**

# ചുട്ടുമാലി എൽ പി ജി സ്കൂൾ

## ആനപ്രമ്പാൽ

# കണ്ണാടി

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-2026

| | | |
|---|---|---|
| ഉപജില്ല | - | തലവടി |
| വിദ്യാഭ്യാസ ജില്ല | - | കുട്ടനാട് |
| ജില്ല | - | ആലപ്പുഴ |

| | | |
|---|---|---|
| Name of School | : | Choottumaly LPGS Anaprampal |
| School Code | : | 46314 |
| ESTD | : | 1903 |
| Name of Revenue Village | : | Thalavady |
| Name of Cluster | : | Govt. Model UPS Thalavady |
| Name of Panchayath | : | Thalavady |
| Name of Sub- District | : | Thalavady |
| Name of Block | : | Champakulam |
| Name of Educational Dist. | : | Kuttanadu |
| Name of revenue Dist | : | Alappuzha |
| Name of H M with Phone | : | Raji J |
| | : | 9656154168 |

## ഉള്ളടക്കം


- ആമുഖം
- വിദ്യാലയ ചരിത്രം
- അക്കാദമിക പ്രവർത്തനങ്ങൾ
- പൊതു ലക്ഷ്യങ്ങൾ, പരിമിതി
- വിദ്യാലയ മികവിന്റെ കേന്ദ്രം, നേട്ടങ്ങൾ, ലക്ഷ്യങ്ങൾ
- പ്രീ – പ്രൈമറി
- ക്ലാസ്സ് പി റ്റി എ
- സ്കൂൾ വായനശാല
- മാലിന്യ നിർമാർജനം
- ടാലന്റ് ലാബ്
- ശുചിമുറി
- ഐ. ടി
- ഉച്ചഭക്ഷണ പദ്ധതി
- യോഗ കലാപഠനം– പ്രസക്തിയും പ്രാധാന്യവും
- ക്ലബ്ബ് പ്രവർത്തനങ്ങൾ
- സ്വപ്നപദ്ധതികളും വിശദാംശങ്ങളും
- പ്രൈമറിതല വിഷയങ്ങളും പ്രവർത്തനങ്ങളും ഇംഗ്ലീഷ്,
- മലയാളം, ഗണിതം, EVS
- വിഭവ സമാഹരണം– ധനശേഖരണം
- ഉപസംഹാരം

# <u>ആമുഖം</u>

ആലപ്പുഴ ജില്ലയിലെ തലവടി പഞ്ചായത്തിൽ ഉൾപ്പെട്ട ആനപ്രമ്പാൽ എന്ന പ്രദേശത്തു സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് ചൂട്ടുമാലി എൽ പി ജി സ്കുൾ. പൂണ്യഭുമിയായ എടത്വായുടെ നാലു കിലോമീറ്റർ ഉള്ളിലായി സാമ്പത്തികമായും സാമൂഹികമായും ശാസ്ത്രപരമായും പിന്നോക്കവസ്ഥയിലായിരുന്ന ചൂട്ടുമാലി പ്രദേശത്തിന്റെ വിദ്യാഭ്യാസ ഉന്നമനത്തിനായി 1903 ൽ തുണ്ടിയിൽ കരിക്കംപള്ളിയിൽ ശ്രീ മാമൻ സണ്ണിസാർ ആരംഭിച്ച സ്കൂളാണിത് ഗതാഗതസൗകര്യമില്ലാത്ത കാലത്ത് നിരണം, കൊമ്പൻകേരി, തോട്ടടി തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് ധാരാളം കുട്ടികൾ ജാതിമതഭേദമന്യേ ഈ സരസ്വതിക്ഷേത്രത്തിൽ വിദ്യഅഭ്യസിച്ചവരാണ്. ഈ പ്രദേശത്തെ സാംസ്കാരിക ഉന്നമനത്തിന് ഈ സ്കൂൾ നല്ല പങ്ക് വഹിച്ചിട്ടുണ്ട്. പ്രഗതഭരായ അദ്ധ്യാപകരുടെ ശിക്ഷണത്തിൽ കലാകായിക ആരംഭങ്ങളിൽ വ്യക്തിമുദ്ര പതിപ്പിക്കാൻ ഈ സരസ്വതി ക്ഷേത്രം മുഖാന്തിരമായിട്ടുണ്ട്.

പി.റ്റിഎ യുടെയും സ്കൂൾ മാനേജ്മെന്റിന്റെയും, നാട്ടുകാരുടെയും സഹകരണത്തോടെ ഈ സ്കൂളിന്റെ പ്രവർത്തനങ്ങൾ സുഗമമായി മുനേനോട്ട് നയിക്കുന്നു. പുതിയ സ്ക്കുൾ കെട്ടിടം പണിതതോടെ ഈ സ്ക്കുൾ, വരും വർഷങ്ങളിൽ ധാരാളെ കുട്ടികളുമായി നല്ലരീതിയിൽ പ്രവർക്കുമെന്നുള്ള ശുഭാപ്തിവിശ്വാസത്തോടെ മികവാർന്ന പ്രവർത്തനങ്ങൾ മുന്നോട്ടു പോവുകയാണ്.

ഈ അക്കാദമിക വർഷം സ്ക്കൂൾ ഏറ്റടുത്ത തീം ***'പഠനവും ആരോഗ്യവും വ്യക്തിശുചിത്വവും'*** എന്നതാണ്. കുട്ടികൾ പഠനത്തോടൊപ്പം ആരോഗ്യകാര്യങ്ങളിലും ശുചിത്വത്തിലും പഠനത്തിനു പുറമെ അറിവ് നേടുന്നതിനും പൊതു ആരോഗ്യ പ്രശ്നങ്ങളും ശുചിത്വവും പൊതു ആരോഗ്യ കേന്ദ്രങ്ങളിൽ പോയി നിരിക്ഷിച്ച് അറിവുകൾ മനസിലാക്കുകയും ആർജിച്ച ശേഷികൾ വിവിധ തുടർ പ്രവർത്തനങ്ങളിലുടെ പ്രയോഗിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

# സ്കൂൾ ചരിത്രം

ചൂട്ടുമാലി പ്രദേഷത്തെ ഇന്നും ഏക പൊതുസ്ഥാപനമാണ് ചൂട്ടുമാലി എൽ പി. ജി സ്കൂൾ എന്ന സരസ്വതിക്ഷേത്രം ഈ പ്രദേവാസികളുടെ വൈകാരികമായ പിൻതുണയുള്ള മഹനീയ സ്ഥാപനം. ആയതിന് അഭിമാനകരമായ ഒരു ചരിത്രവും പാരമ്പര്യവുമുണ്ട്. ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ തലവടി എന്ന ഗ്രാമത്തിന്റെ തെക്ക് പടിഞ്ഞാറ് മാറി നാലുതോടുകളാൽ ചുറ്റപ്പെട്ട അവയുടെ നടുവിൽ നെൽപ്പാടങ്ങളും , കേരവൃക്ഷങ്ങളും ഇടകലർന്ന് കിടക്കുന്ന ഒരു ചെറിയ ഗ്രാമമാണ് ചൂട്ടുമാലി. രണ്ട് നൂറ്റാണ്ടുകൾക്ക് അപ്പുറം അമ്പലപ്പുഴ- ചെമ്പകശ്ശരി രാജാക്കന്മാരുടെ ഭരണപ്രദേശങ്ങളിൽ പ്രാധ്യാന്യം വളരെയുള്ള ഗ്രാമങ്ങളിൽ ഒരെണ്ണം ആയിരുന്നു തലവടി.

കൃഷിക്കാർ, സാധാരണക്കാർ കർഷക തൊഴിലാളികൾ, മത്സ്യ തൊഴിലാളികൾ മറ്റു ഇതര ജോലിയിൽ ഏർപ്പെട്ടിരുന്നവർ അടക്കമുള്ള ഒരു നിഷ്കളങ്ക ജനതതീയുടെ ആവാസകേന്ദ്രമാണ് ഈ പ്രദേശം.

ഒരു സമൂഹം സ്നേഹത്തിലും അന്യോന്യം സഹായിക്കുന്നതിന് ദൈവീകചിന്തയിലും , കരുണയിലും തോളോട് തോൾ ചേർന്ന് ജീവിച്ചിരുന്ന ആ കാലഘട്ടത്തിൽ അവരുടെ കുട്ടികൾക്ക് അറിവിന്റെയും വീണാ നാദത്തിന്റെയും അടിത്തറ ഓതി നൽകുവാൻ നല്ല ഒരു കുട്ടം ആളുകളുടെ അഘ്വാന ഫലമായി ജന്മം കൊണ്ടതാണ് ഈ സരസ്വതിക്ഷേത്രം.

പുണ്യനദി പമ്പയുടെയും മണിമല ആറിന്റെയും , കൈവഴി ആയി ഒഴുകുന്ന അരിത്തോടിന്റെയും വടക്ക് കരയിൽ ആദിത്യ ദേവന്റെ പൊൻകിരണങ്ങൾ ഏറ്റ് ഒരു ഗജവീരനെപ്പോലെ തലയുയർത്തി ഇന്നും നിൽക്കുന്ന ഈ സ്ഥാപനം ദൈവദാസന്മാരാൽ പ്രാർത്ഥിച്ചതും അടിസ്ഥാനം ഇട്ട് പണിതുയർത്തിയിട്ടുള്ളതാണ്.

ഈ മഹത് സ്ഥാപനത്തിൽ ആദ്യാക്ഷരം പഠിച്ച് അനേകർ ലോകത്തിന്റെ പലഭാഗങ്ങളിൽ ജോലി ചെയ്തിട്ടുണ്ട്. ഇപ്പോൾ ജോലി ചെയ്ത് വരുന്നവരുമുണ്ട് പുരോഹിതന്മാർ, ദൈവവേല ചെയ്യുന്ന ഫോറസ്റ്റ് ആഫീസറന്മാർ, കോടതി ജോലിക്കാൻ, അദ്ധ്യാപകർ , ബാങ്ക് ഓഡീറ്ററമാർ, ബിഷപ്പന്മാർ തുടങ്ങിയ ആയിരക്കണക്കിന് ആളുകൾ ആദ്യക്ഷരം പഠിച്ചത് ഈ സ്കുളിൽ ആണ്.

## ഇപ്പോൾ അവസ്ഥ

`ഭൗതിക സാഹചര്യങ്ങളിൽ മെച്ചപ്പെട്ട എ. ഇ. ഒ, ബി.ആർ. സി. എന്നീ വിദ്യാഭ്യാസ ആഫീസുകളിൽ നിന്നുള്ള ഉപദേശവും ലഭിക്കുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ , പി. റ്റി. എ, എം. പി. റ്റി. എ തുടങ്ങിയ പിന്തുണാ സംവിധാനങ്ങളും ഫലപ്രദമായി പ്രവർത്തിക്കുന്നു. സഹകരണവും ഉണ്ട്.

മെച്ചപ്പെട്ട സ്കൂൾ കെട്ടിടങ്ങൾ, ക്ലാസ് മുറികൾ, യൂണിഫോം, കിടിവെള്ള സംവിധാനം, ടോയ്‌ലെറ്റ്- യൂണിനൽ സൗകര്യങ്ങൾ, പരിസരശുചിത്വം, പോഷകാഹാര സമൃദ്ധമായ ഉച്ചഭക്ഷ പരിപാടി തുടങ്ങിയവ മെച്ചപ്പെട്ട സാഹചര്യങ്ങൾ ഉണ്ടെങ്കിലും പ്രവേശനം തേടുന്നവരുടെ എണ്ണം കുറയുന്നതായി കണക്കുകൾ കാണിക്കുന്നു.

1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ 25 ഉം പ്രീപ്രൈമറി -10 ഉം ആകെ -30 കുട്ടികളാണ് ഇവിടെ പഠിക്കുന്നത്.

നിലവിലുള്ള അദ്ധ്യാപകർ ക്ലാസ്സുകൾ മെച്ചമായ രീതിയിൽ കൈകാര്യം ചെയ്യുന്നു. രക്ഷകർത്താക്കളുടെ നിർദ്ദേശപ്രകാരം പി. റ്റി എയുടെയും അദ്ധ്യാപകരുടെയും സഹായ സഹകരണത്തോടു കൂടി പ്രീ-പ്രൈമറി 2012 മുതൽ പ്രവർത്തിച്ചു വരുന്നു. നിലവിൽ 10 കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്നു.

## ലക്ഷ്യങ്ങൾ

- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ പഞ്ചായത്തല സൗകര്യം വർദ്ധിപ്പിക്കുക.
- ക്ലാസ്സ് ലൈബ്രറി, ലൈബ്രറി ഇവ ആധുനികവൽക്കിക്കുക.
- ഐ സി ടി പഠനത്തിന് ആവശ്യമായ സാഹചര്യങ്ങൾ അക്കാദമിക തയ്യാറെടുപ്പുകൾ ഇവ ഉറപ്പാക്കുക.
- കലാകായിക പ്രവർത്തി പരിചയ മികവ് ഉറപ്പുവരുത്തുന്ന വിദ്യാലയ അന്തരീക്ഷം ഉറപ്പാക്കുക.
- ധാർമിക മൂല്യങ്ങൾ, നല്ലശീലങ്ങൾ, അനുകമ്പ, സഹാനുഭൂതി തുടങ്ങിയ മനോഭാവങ്ങൾരൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക.
- ശാരീരിക മാനസിക വൈകല്യം നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുക.
- മലയാളത്തിളക്കം, ഗണിതവിജയം , ഉല്ലാസ ഗണിതം ഹലോ ഇംഗലീഷ് എന്നീ പ്രത്യേക പരിശീലന പരിപാടികൾ നടപ്പാക്കുക.
- കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് സ്കൂൾ മുറ്റത്ത് ഒരു പച്ചക്കറിത്തോട്ടം , കിച്ചൻഗാർഡൻ, ശലഭോദ്യാനം ഇവ ഉൾപ്പെടുത്തി ഒരുജൈവവൈവിദ്യപാർക്ക് നിർമ്മിക്കുക.

## പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ

- ശിശു സൗഹൃദപരമായ ഫർണ്ണീച്ചറുകളുടെ ആ ആഭാവം പരിഹരിക്കുന്നതിന് , എം. പി. റ്റി. എ , സ്റ്റഫ് കൗൺസിൽ എന്നിവരുടെ നേതൃത്വത്തിൽ സമീപത്തെ ബാങ്കുകൾ, സർവ്വീസ് സഹകരണ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയെ സമീപിക്കും.
- ഉപകരണങ്ങളുടെ കേടുപാടുകൾ കണ്ടെത്തി പരിഹാരം കാണുന്നതിന് സ്റ്റഫ് കൗൺസിൽ, പി. റ്റി. എ,എം. പി. റ്റി. എ എന്നിവയെ ഉപയോഗപ്പെടുത്തും.
- കലാ-കായിക പ്രവൃത്തി പരിചയ പോലുള്ള മേഖലകൾക്ക് പരിശീലനം കൊടുക്കുന്നതിനായി സമീപത്തെ വിദ്യാലയങ്ങളിൽ അദ്ധ്യാപകരെയും സമീപത്തെ വിദഗ്ധരേയും ആശ്രയിക്കും.
- ശിശു- സൗഹൃദ പുസ്തകങ്ങളുടെയും ഗ്രന്ഥശാലയുടെയും ഉപയോഗം ഉറപ്പാക്കും രക്ഷിതാക്കളേയും , ലൈബ്രറി കൗൺസിലിനേയും സമീപിക്കും.
- അക്കാദമിക കേന്ദ്രങ്ങളായി സ്കൂൾ മാറ്റുന്നതിന്, അക്കാദമിക പ്രവർത്തനങ്ങളിൽ കലോചിതമായ മാറ്റങ്ങൾ ഉണ്ടാകുന്നിന്, അക്കാദമി പ്രവർത്തനങ്ങൾ മികവിന്റെ പരസയങ്ങളും പ്രചാരണങ്ങളുമാക്കി മാറ്റുന്നതിന് ദൃശ്യ- വാർത്താ മാധ്യമങ്ങളുടെ സഹായം തേടും.
- ഗണിതം മധുരമാക്കാൻ ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ രസകരമാക്കും റിസോഴ്സ് അദ്ധ്യാപകരുടെ സഹായം ലഭ്യമാക്കും. ഗണിത ക്ലബ്ബിന്റെ പ്രവർത്തനം മെച്ചപ്പെടുത്തും, ഉല്ലാസ ഗണിതം, ഗണിതമധുരം
- സ്കൂൾ സംരക്ഷണ സമിതികൾ രൂപികരിച്ച് സ്കൂൾ പ്രവർത്തനങ്ങളെ കൃത്യമായി അവലോഹനം നടത്തേണ്ടതുണ്ട്.
- ഇംഗ്ലീഷ് പഠനം രസകരമാക്കാനും കുട്ടികൾക്ക് എളുപ്പം ഗ്രഹിക്കാനും കൈകാര്യം ചെയ്യുന്ന തരത്തിൽ ക്ലാസ്സുകൾ നടത്തും ഇംഗ്ലീഷ് ക്ലബ്ബ് പ്രവർത്തനം മെച്ചപ്പെടുത്തും

# വിഭവ സമാഹരണം

- പൂർവ്വാദ്ധ്യാപകർ , വിദ്യാർത്ഥികൾ, വിദ്യാലയ സംരക്ഷണ സമിതികൾ എന്നിവയുടെ പ്രവർത്തനങ്ങൾ വഴി വിഭവ സമാഹരണം നടത്താം.

- പ്രദേശത്തെ സന്നദ്ധ സംഘടനകളെ ആശ്രയിക്കാം

- സമഗീതം, കലാ- കായികം എന്നിവയുടെ പരിശീലനത്തിന് അടുത്ത സ്കൂളുകളിലെ അദ്ധ്യാപകരെ ആശ്രയിക്കാം.

- സമൂഹത്തിലെ വിശിഷ്ട വ്യക്തികളെ ആശ്രയിക്കാവുന്നതാണ്.

- വിവിധ ക്ലബ്ബുകൾ, ഡിപ്പാർട്ട്മെന്റുകൾ, സൊസൈറ്റികൾ എന്നിവയെ ആശ്രയിക്കാം.
- സ്കൂൾ വികസന സമിതിയുടെ പ്രവർത്തനം സജീവമാക്കുക.

- പി.റ്റി. എ ,എം. പി. റ്റി. എ വിവിധ ക്ലബ്ബുകൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങളിലൂടെ അവശ്യമായ സേവനം പ്രയോജനപ്പെടുത്താം.

- സ്കൂൾ ബസ് പോലുള്ള യാത്രാസൗകര്യം ഉണ്ടാകുന്നതിന് ശ്രദ്ധിക്കണം.

- അദ്ധ്യാപക -രക്ഷർത്തു വിദ്യാർത്ഥി ബന്ധം നിരന്തരം ഉണ്ടാകണം

# പ്രശ്നങ്ങൾ വെല്ലുവിളികൾ

| പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പദ്ധതി പ്രവർത്തനങ്ങൾ |
|---|---|---|
| അക്കാദമികം | | |
| ഭാഷാപരമായ പിന്നോ | | അക്ഷരം ഉറപ്പിക്കുക |
| ക്കാവസ്ഥ (മലയാളം, | | വായനാകാർഡ് |
| ഇംഗ്ലീഷ്) | | കഥ പൂർത്തിയാക്കൽ |
| വായനാ പരിപോഷണം | പ്രാഥമിക നിർണ്ണയം | വായനാക്കൂട്ടം ക്ലാസ്സ് |
| രചാനാ പോഷണം | | ലൈബ്രറി |
| ഗണിതത്തിലെ പിന്നോ | | പതിപ്പുകൾ |
| ക്കാവസ്ഥ (സംഖ്യാ | | അഭിമുഖങ്ങൾ |
| ബോധം, പ്രശ്നനിർധാ | | സ്കൂൾ പത്രം തയ്യാറാക്കൽ |
| രണം ക്രിയകൾ) | | നിരീക്ഷണ പുസ്തകം |
| ശാസ്ത്രം | | |
| കായിക പരിശീലനം | പ്രത്യോക പരിശീലന അധ്യാ | |
| പ്രവൃത്തി പരിചയ പരിശീ | പക നിയമനം | |
| ലനം | | |
| കലാ പരിശീലനം | | |
| പഠയാത്രകൾ | | |
| ലൈബ്രറി | | |
| ലാബ് | | |
| ഭൗതികം | | |
| ഹൈടെക് ക്ലാസ് റൂം | | നിർമ്മാണ പ്രവർത്തനങ്ങൾ |
| ലാബ്, ലൈബ്രറി | | |
| ചുറ്റുമതിൽ കെട്ടുക | | നിർമ്മാണ പ്രവർത്തനങ്ങൾ |
| കുടിവെള്ള വിതരണവും | | |
| ഡ്രൈനേജും | | |

**മേഖല : അക്കാദമികം**

**ഉപമേഖലാ : മലയാളം, (മാതൃഭാഷ)**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക. | അക്ഷരം, ചിഹ്നം ഉറപ്പി ക്കൽ, പദം, വാക്യം, ചിത്രവി വരണം കഥ പൂർത്തിയാ ക്കൽ | t SwH¶ v | അധ്യാപിക (മലയാളതിളക്കം | |
| എല്ലാകുട്ടികൾക്കും മാതൃഭാഷ ഫലപ്രദമായി വായിക്കാനും എഴു താനും സംസാരിക്കാനു മുള്ള ശേഷി വികസി പ്പിക്കൽ | വായാനാമൂല, വായാനാകൂ ട്ടം, ക്ലാസ്സ് ലൈബ്രറി, പത്രവാ യന, പുസ്തക വായന, വായനാകുറിപ്പ്, വായനോ ത്സവ ദിനാചരണങ്ങൾ | A ² ynb \ hÀj w | ക്ലാസ്സ് ടീച്ചർ മലയാള അധ്യാപകൻ | |
| ലേഖന പോഷണം | അക്ഷര കാർഡ്, വായനാപതിപ്പ്, ക്ലാസ്സ് മാഗസിൻ, സ്കൂൾ മാഗസിൽ, ചുവർ പത്രം, കഥ– കവിത പതിപ്പ്, സ്കൂൾ പത്രം, ആസ്വാദനക്കുറിപ്പ്, അടിക്കുറിപ്പ് | A ² ynb \ hÀj w (I k ž new | ക്ലാസ്സ് ടീച്ചർ | |
| ഓരോ ചിത്രത്തെക്കുറിച്ചും പറയാൻ കഴിയുന്നു. | വീഡിയോ പ്രദർശനം | A ² ynb \ hÀj w | അധ്യാപകർ കമ്പ്യൂട്ടർ അധ്യാ പകർ | |
| ഭിന്നശേഷിക്കാരെ പരി ഗണിക്കൽ | പ്രത്യേക പ്രവർത്തനങ്ങൾ | B gN b nÂ 2 Znh k w | ഐ. ഇ. ഡി സി അധ്യാപകർ | |
| സഭാകമ്പം ഇല്ലാതാക്കുക | വായിച്ച ഒരു കഥ നാട കരൂപത്തിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | I k ž new ank ‒ nÂ 2 {] nh i yw | മലയാളം അധ്യാപകർ | |
| സൃഷ്ടികൾ പ്രകാശനം ചെയ്യുക. | സ്കൂൾ ബാല സഭ രൂപികരിക്കുക. | B gN b nÂ Hcp Znh k w | അധ്യാപകർ | |

**മേഖല : അക്കാദമികം**

**ഉപമേഖലാ : ഇംഗ്ലീഷ് ഭാഷ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കുക . | പഠന നില കണ്ടെത്തുന്നതിന് പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും പരിശോധിക്കുന്നു. പ്രവർത്തന പാക്കേജുകൾ തയ്യാറാക്കുന്നു. | ടേം ഒന്ന് | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| | ഇംഗ്ലീഷ് അസംബ്ലി, പതിപ്പുകൾ, മാഗസിനുകൾ രചനാ ശില്പശാലകൾ | ആഴ്ചയിൽ രണ്ട് ദിവസം | ക്ലാസ്സ് ടീച്ചർ | |
| കഥ പറയൽ | പാഠ ഭാഗവുമായി ബന്ധപ്പെട്ട കഥാ ഭാഗങ്ങൾ അവതരിപ്പിക്കുന്നു<br><br>സ്പേക്കൻ ഇംഗ്ലീഷ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | ജൂൺ, ജൂലൈ (വെള്ളിയാഴ്ചകൾ)<br><br>ഇംഗ്ലീഷ് ഡേയായി മാറ്റുന്നു | ഇംഗ്ലീഷ് അദ്ധ്യാപകൻ | |

**മേഖല : അക്കാദമികം**

**ഉപമേഖലാ : ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | kാമ്പത്തിക വിശ കലനം |
|---|---|---|---|---|
| എല്ലാ കുട്ടി കൾക്കുംഗണിത ത്തിലെ ക്രീയകൾ, സംഖ്യാബോധം , പ്രശ്നനിർദ്ധാരണം എന്നിവയിൽ ശേഷി വികസിപ്പിക്കൽ | സംഖ്യാചിത്രങ്ങൾ തയ്യാറാക്കൽ, സംഖ്യാ ബോധത്തി നായി പാറ്റേണുകൾ തയ്യാറാക്കുക. അബാക്കസ് പ്രയോ ജനപ്പെടിത്തുക.. | അധ്യയന വർഷം | ഗണിത അധ്യാപകർ | |
| സ്കൂളും പരിസ രവും ഗണിതാശ ങ്ങൾ ഉൾക്കൊള്ളു ന്നതാക്കുക | ഗണിത കളികൾ, മാന്തിക ചതുരങ്ങൾ തയ്യാറാക്കുക. | | ഗണിത അധ്യാപകർ | |
| വിവിധ ഗണിത വസ്തുകൾ ഉറപ്പി ക്കുന്നതിന് ഗണിത മൂല കാര്യക്ഷമമാ ക്കുന്നു. | ഗണിത ലാബ് ഒരു ക്കുന്നു. | | | |
| എസ്. എം. സി യിൽ ചർച്ച ചെയ്ത് എന്തെങ്കിലും ഒരു ഉല്പന്നം നിർമ്മിച്ചു വിതരണം ചെയ്യുന്നു. | ഇതിലുടെ വരവ് ചിലവ് കുടുതൽ കുറവ് ലാഭനഷ്ടം എന്നീ ശേഷികൽ ഉറ പ്പിക്കുന്നു. | | അധ്യാപകർ | |

**മേഖല : അക്കാദമികം**

**ഉപമേഖലാ : ശാസ്ത്രപഠനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അവരുടെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ടമുറപ്പാക്കുന്നതിനും എല്ലാ ക്ലാസ്സിലു ശാസ്ത്ര മൂല ഉറപ്പാക്കുക. | സ്കൂൾ കാമ്പസിന്റെ ജൈവവൈവിധ്യ ഉദ്ധ്യാനമാക്കി മാറ്റുന്നു. കാമ്പസിന്റെ ഒരു പാഠ പുസ്തകമായി മറ്റുന്നു. | | അദ്ധ്യാപകർ | |
| പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളുടെയും പഠന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക. | പ്രകൃതി നടത്തം, പഠന യാത്ര (കാവു സന്ദർശനം) | അദ്ധ്യന വർഷം | അദ്ധ്യാപകർ | |
| പഠന പുസ്തകങ്ങളിൽ നിന്നുള്ള പരീക്ഷണ നീരീക്ഷണങ്ങൾ സാദ്ധ്യമാക്കൽ | ലാബ് സൗകര്യങ്ങൾ നവീകരിക്കുന്നു. ഹൈടെക് ക്ലാസ്സ് റൂം ശാസ്ത്ര പുസ്തകൾ വീഡിയോ ക്ലീപ്പുകൾ | | ശാസ്ത്ര അദ്ധ്യാപകർ | |

# പദ്ധതി രൂപികരണ പ്രക്രീയ

സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് യോഗം ചേർന്ന് ചർച്ചകൾ നടത്തി അക്കാദമിക മാസ്റ്റർ പാവാനിന്റെ റിപ്പോർട്ട് ഘടനയ്ക്ക് രൂപം നൽകി. തുടർന്ന് വിവിധ അദ്ധ്യായങ്ങൾ എഴുതി തയ്യാറാക്കാൻ ചുമതലകൾ വീതിച്ചു നൽകി . പി. റ്റി എയും ചേർന്ന് കരട് റിപ്പോർട്ട് അംഗീകരിച്ചു. വിവിധ വിഷയങ്ങൾ അവതരിപ്പിക്കുവാനുള്ള ആവശ്യമായ നിർദ്ദേശങ്ങൾ സ്വാംശീകരിക്കുവാൻ എച്ച്. എം. നെ ചുമതലപ്പെടുത്തി . അക്കാദമിക മാസ്റ്റർ പ്ലാൻ പ്രവർത്തനങ്ങൾ സമയബന്ധിതമായും കൃത്യമായും നടത്തി , നടന്ന പ്രവർത്തനങ്ങളുടെ ഫല പ്രാപ്തി എത്രത്തോളം ആണെന്നും അഴശ്യമായ ഭേദഗതി ഏതൊക്കെയെന്നും കണ്ടെത്തി വിശകലനം നടത്തി.

## കലാകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ

- പൂർവ്വ വിദ്യാർഥികളെ വരുത്തി മാസത്തിൽ ഒരു പ്രാവശ്യം കലാ-കായിക പ്രവർത്തന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.
- പ്രശസ്തരായ കലാകാരന്മാരെ വരുത്തി ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു
- അദ്ധ്യാപകർക്കും , രക്ഷിതാക്കൾക്കും കലാ-കായിക പ്രവർത്തനങ്ങളിൽ പരിശീലനം നല്കുന്നു.
- പ്രവർത്തി പരിചയ മേളകൾ സ്കൂൾ തലത്തിൽ സംഘടിപ്പിക്കുന്നു.
- വായാനാ മുറ്റങ്ങളുടെ തുടർച്ചയായി കലാ- കായിക മേളകൾ സാമൂഹിക പങ്കാളിത്തത്തോടെ കാര്യക്ഷമമായി നടത്തുന്നു.
- പഴയ കലാ- കായിക ക്ലാസ്സുകൾ പുതുക്കി രൂപികരിക്കുന്നു.
- മേളകളുടെ മുന്നോടിയായി സ്കൂളിൽ കലാജാഥ നടത്തുന്നു
- മാസത്തിൽ ഒരു തവണ മികച്ച യോഗാദ്ധ്യാപകരെ വരുത്തി യോഗാക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.
- മാസത്തിൽ ഒരു പ്രവയത്തി പരിചയ ക്ലാസ്സ് രക്ഷിതാക്കളെയും പൂർവ്വ വിദ്യാർത്ഥികളെയും സംഘടിപ്പിച്ച് നടത്തുന്നു. ബി. ആർ. സിയുടെ സഹായം തേടുന്നു
- ഓരോ വിദ്യാർത്ഥിയുടെയും സർഗപരമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനും വേണ്ട സന്ദർഭങ്ങളും അവസരങ്ങളും വികസിപ്പിക്കും.

## പ്രതിഭ പരിപോഷണ പരിപാടി പ്രക്രിയ

- മുൻകുട്ടി തയ്യാറാക്കിയ ഫോർമാറ്റ് ഉപയോഗിച്ച് വിദ്യാലയത്തിലെ ഒരോ കുട്ടിയുടെയും അഭിരുചി കണ്ടെത്തൽ
- ക്ലാസ്സ് ടീച്ചർ വിവിധ വിഷയാദ്ധ്യാപകരും ചേർന്ന് ഇതു നിർണ്ണയിക്കുന്നു.
- സമാന അഭിരുചിയുള്ളവരെ ചേർത്ത് ടാലന്റ് ഗ്രൂപ്പുകൾ രൂപികരിക്കുന്നു.
- ഓരോ ടാലന്റ് ഗ്രൂപ്പിനും നടത്തിപ്പു ചുമതലയ്ക്ക് ഓരോ കമ്മറ്റി വീതം രൂപികരിക്കുന്നു.
- വിദഗ്ദ്ധരെ കണ്ടെത്തുന്നു.
- പരിശീലനത്തിനുള്ള ടൈം ടേബിൾ രൂപപ്പെടുത്തുന്നു.
- ആവശ്യമായ ഉപകരണങ്ങൽ , മറ്റു ചെലവുകൾ എന്നിവയ്ക്കുള്ള ധനസമാകരണം സ്പോൺസറിംഗിലൂടെ കണ്ടെത്തുന്നു.
- നിർണ്ണയിച്ച മേഖലയ്ക്കായി ആകെ എത്ര ചെലവ് എന്ന് തീരുമാനിക്കുന്നു.
- തുക പൂർണ്ണമായും സമൂഹ പങ്കാളിത്തത്തോടെ സമാഹരിക്കുന്നതിന് നടപടി എടുക്കുന്നു.
- സ്കൂൾ സമയം അറിഞ്ഞ് ദിവസങ്ങൽ ക്രമീകരിച്ച് പരിശീലനം നൽകുന്നു.
- വിദഗ്ദ്ധരുടെ സേവനം ഓരോ ഗ്രൂപ്പിനും ലഭ്യമാകുന്ന വിധത്തിൽ ടാലന്റ് പരിപോഷണം നടത്തുന്നു.

# പ്രതിഭ പരിപോഷണ പരിപാടി ( ടാലന്റ് ലാബ്)

## ടാലന്റുകളുടെ ലിസ്റ്റ്

| | മേഖല/ പദ്ധതി | ചെയർമാൻ / കൺവീനർ | നടപ്പാക്കുന്ന കാലഘട്ടം | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|---|---|
| | പ്രസംഗം | (റിട്ടേ. അദ്ധ്യാപകൻ) | ഹ്രസ്വകാലം | |
| | നിയമ പഠനം | (റിട്ടേ. അദ്ധ്യാപകൻ) | ഹ്രസ്വകാലം | |
| | സംഗീതം | പൂർവ്വ വിദ്യാർത്ഥിനി | ദീർഘകാലം<br>ജൂൺ – മാർച്ച്<br>വൈകിട്ട് 4 – 4.30 വരെ | |
| | ചിത്രരചന | | ദീർഘകാലം<br>തിങ്കൾ, വെള്ളി<br>1മണിക്കൂർ വീതം | |
| | ശില്പ കല | | ഹ്രസ്വകാലം<br>ശനിയാഴ്ച്ചകളിൽ | |
| | കഥപറയൽ | | ദീർഘകാലം<br>വെള്ളിയാഴ്ച്ച 3.30 ന് | |
| | അഭിനയം | | ഹ്രസ്വകാലം<br>മെയ് രാണ്ടമത്തെ ആഴ്ച | |
| | നിർമ്മാണം | | ദീർഘകാലം<br>ആഴ്ചയിൽ 1<br>വൈ. 3.30 – 4.00 | |
| | ക്രാഫ്റ്റ് വർക്ക് | പൂർവ്വ പിദ്യാർത്ഥി | ആഗസ്റ്റ് , സെപ്റ്റമ്പർ<br>വെള്ളി 3.00ന് | |
| | ശാസ്ത്ര പരീക്ഷണം | പൂർവ്വ പിദ്യാർത്ഥി | ശനിയാഴ്ച്ചകളിൽ | |
| | ചരിത്രാന്വഷണം | (റിട്ടേ. അദ്ധ്യാപകൻ) | മാസത്തിൽ 1 | |
| | സ്പേർട്സ് | പൂർവ്വ പിദ്യാർത്ഥി | രണ്ടാം ശനിയാഴ്ച്ച | |
| | കളിമൺ രൂപ നിർമ്മതി | പൂർവ്വ പിദ്യാർത്ഥി | ഹ്രസ്വകാലം | |
| | യോഗാക്ലാസ്സ് | | മാസത്തിൽ 2 | |
| | കൃഷി | തലവടി കൃഷി ഓഫീസർ | ആഴ്ച്ചയിൽ 1 | |
| | പൂന്തോട്ട പരിപാലനം | | | |

| | | | | |
|---|---|---|---|---|
| | പരിസ്ഥിതി പ്രവർത്തനം | **വാർഡ് മെമ്പർ** | | |
| | സർഗാത്മക രചനകൾ | | **പരിശീലനം എല്ലാ വ്യാഴാഴ്ചയും ( മാഗസിൻ – മാസത്തിൽ 1)** | |
| | ഉപകരണ സംഗീതം | | **ആഴ്ചയിൽ 1** | |
| | കായികം | | **ആഴ്ചയിൽ 2** | |

## മേഖല: സാമൂഹ്യബന്ധ ആസൂത്രണം

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| വിദ്യാഭ്യാസ വികസന സമിതി രൂപികരണം | ജൂൺ | പി. റ്റി എ | |
| പി. റ്റി.എ/ എസ്.എം.സി രൂപിക രണം | ജൂലൈ | പി. റ്റി എ | |
| പ്രതിമാസ മീറ്റിംഗ് | എല്ലാമാസവും | എപി. റ്റി എ | |
| ദിനാചരണങ്ങൾ | | പി. റ്റി എ | |
| ആഘോഷങ്ങൾ | ഓണം, ക്രിസ്തുമസ് | പി. റ്റി എ | |
| സ്കൂൾ വാർഷികം | മാർച്ച് | പി. റ്റി എ | |
| കോർണർ പി. റ്റ. എ കൾ | എല്ലാ ടേമിലും | പി. റ്റി എ | |
| ക്ലാസ്സ് ഫി. റ്റി. എ | എല്ലാ ടേമിലും | പി. റ്റി എ | |
| രക്ഷകർത്താ ബോധവത്കരണം | എല്ലാ ടേമിലും | പി. റ്റി എ | |
| കംപ്യൂട്ടർ സൗകര്യം | | | |
| ആധുനിക സൗകര്യങ്ങളോടുകൂടിയ പാചകപുര | | നിർമ്മാണ പ്രവർത്തനങ്ങൾ | |
| ശിശു സൗഹൃദ ഫർണീച്ചർ | | സ്റ്റേജ്, കർട്ടൻ വിഭജന മറയൊരുക്കൽ പ്രീപ്രൈമറിക്ക് സൗകര്യങ്ങൾ | |
| പ്രത്യേക ക്ലാസ്സ് മുറികൾ | | | |
| ജൈവവൈവിധ്യ പാർക്ക് | കോർണർ പി. റ്റി. എ വിദ്യാഭ്യാസ സദസ്സുകൾ | | |
| കളിസ്ഥലം | | | |
| **സാമൂഹികം** | | | |
| സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ വികസനത്തിന് വൈവിധ്യമാർന്ന ഇടപെടലുകൾ നടത്താൻ കഴിയുന്നതിനായി പൂർവ്വ അധ്യാപക വിദ്യാർത്ഥി കൂട്ടായ്മ നടത്താൻ സമയം കണ്ടെത്തണം. | | | |

## മേഖലാ: സമൂഹ്യബന്ധ ആസൂത്രണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതത്വം | മേജർ റിപ്പയറിംഗ് | ഏപ്രിൽ, മെയ് | സ്ക്കൂൾ മാനേജ്മെന്റ് | |
| സുരക്ഷിതത്വം | റിപ്പയറിംഗ് | ഏടുത്ത വർഷം | പി. റ്റി എ | |
| ശിശുസൗഹൃദ അന്തരീക്ഷം | കിഡ്സ് പാർക്ക് | അടുത്ത അദ്ധ്യന വർഷം | പി. റ്റി എ | |
| ഭൗതിക സൗകര്യ വികസനം | ആധുനിക സൗകര്യമുള്ള പാചകപ്പുര | അടുത്ത അദ്ധ്യന വർഷം | സ്ക്കൂൾ മാനേജ്മെന്റ് | |
| ഐ.സിയറ്റി പ്രയോജനം | കമ്പ്യൂട്ടർ സൗകര്യം നല്കുക | അടുത്ത അദ്ധ്യന വർഷം | ഐറ്റി അറ്റ് സ്കൂൾ | |
| പഠന പിന്തുണ | ലാബ്, ലൈബ്രറി | അടുത്ത അദ്ധ്യന വർഷം | പി. റ്റി എ | |
| സൗന്ദര്യവത്കരണം | ആധുനിക സൗകര്യങ്ങളോടെ ഉദ്യായനം | അടുത്ത അദ്ധ്യന വർഷം | പി. റ്റി എ | |
| സൗന്ദര്യവത്കരണം | മതിൽ കെട്ടൽ ആകർഷകമാക്കൽ | ഈ വർഷം | സ്ക്കൂൾ മാനേജ്മെന്റ | |
| കാമ്പസ് ആസ് ക്ലീനിങ് എയിഡ് | ജൈവവൈവിധ്യ ഉദ്യാനം തയ്യാറാക്കൽ | ദീർഘകാലം | പി. റ്റി എ | |
| ക്ലീൻ കാമ്പസ് | ഡ്രൈനേജ് | 1 വർഷം | മാനേജ്മെന്റ & പി. റ്റി എ | |

## മോണിറ്ററിംഗ്

- സ്കൂളിലെ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നു.
- അക്കാദമിക പ്രവർത്തനങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നു.
- മികവുകൾ(അദ്ധ്യാപകർ, കുട്ടികൾ, സ്ഥാപനം) വിലയിരുത്തി മികച്ച പ്രവർത്തന ങ്ങൽക്ക് പ്രോത്സാഹനം നൽകുന്നു.

- ഓരോ മാസവും സ്ഥാപനം കൈവരിച്ച അക്കാദമിക മികവുകളുടെ റിപ്പോർട്ടിംഗ് എച്ച്. എം യോഗത്തിൽ അവതരിപ്പിക്കുന്നു.
- മോണിറ്ററിംഗ് സമിതിയുടെ അക്കാദമിക നിർദ്ധേശങ്ങൾ എല്ലാ അദ്ധ്യാപകർക്കും ലഭ്യമാകുന്നു.
- സ്കൂൾ വാർഷിക പൊതുയോഗം സംഘടിപ്പിക്കുന്നു.